LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകൾ എന്നീ കലാ സാംസ്കാരിക കായിക കേന്ദ്രങ്ങളുമായി ഈ ജൂവനൈൽ ഹോമുകളെ ബന്ധിപ്പിക്കണം എന്നാണ്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കുവേണ്ടി ഗവൺമെൻറ് ഇതിന്റെ പ്രവർത്തനങ്ങളെ കുറച്ചുകൂടി മാനുഷിക രീതിയിലേയ്ക്ക് മാറ്റണം. അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, സംസ്ഥാനത്ത് അഞ്ച് ജില്ലകളിലായി ആറു ജൂവനൈൽ ഹോമുകളാണ് പ്രവർത്തിക്കുന്നത്. അതിൽ ഒന്ന് പെൺകുട്ടികൾക്കു മാത്രമുള്ളതാണ്. അന്തേവാസികളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനും മറ്റ് കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനുമൊക്കെ എല്ലാ സൗകര്യവും പരിപാടികളും ഉണ്ട്. അവയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പോരായ്മകളുണ്ടെങ്കിൽ ശ്രദ്ധിക്കാം. വളരെ കഴിവുള്ള കുട്ടികളെ പ്രത്യേകമായി കലാ-കായിക സ്ഥാപനങ്ങളിൽ അയയ്ക്കുവാനും അവർക്ക് പ്രോൽസാഹനം കൊടുക്കുവാനും നിലവിൽ സംവിധാനങ്ങളുണ്ട്. ഇവ മെച്ചപ്പെടുത്താൻവേണ്ടി ചില നിർദ്ദേശങ്ങൾ ഇടക്കാലത്ത് വന്നിട്ടുണ്ട്. അവ വേഗം ഇംപ്ലിമെന്റ് ചെയ്യണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കുട്ടികളെ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും റെക്കമെന്റേഷൻ നടത്തുന്നതിനും അവരെ നോക്കുന്നതിനുമൊക്കെ ജൂവനൈൽ ഹോമുകളിൽ ബാലസഭകൾ രൂപീകരിക്കുകയാണ്. അക്കാര്യത്തിൽ ഉടൻതന്നെ ഗവൺമെന്റ് തീരുമാനമെടുക്കും. ജൂവനൈൽ ജസ്റ്റീസ് ആക്ടിന്റെ റൂൾസ് ഇതുവരെയായിട്ടില്ല. അത് ഇപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്കുവരും. അത്തരം കാര്യങ്ങൾ ഉടൻതന്നെ തീരുമാനിച്ച് ഇതിന്റെ എഫിഷ്യൻസി കൂട്ടാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(2) വികലാംഗർക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ : സർ, വികലാംഗർക്ക് നിയമപ്രകാരം കിട്ടേണ്ട മൂന്ന് ശതമാനം സംവരണംപോലും കിട്ടുന്നില്ല. ഈകൽ ഓപ്പർച്ച്യൂണിറ്റീസ് ആക്ട് സെക്ഷൻ 33 പ്രകാരം കിട്ടേണ്ട ഉദ്യോഗം കിട്ടുന്നില്ല. ധാരാളം പ്രാവശ്യം ഇക്കാര്യം ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഇവർ പാവങ്ങളാണ്. ഇവരെ ആരാണ് നോക്കാനുള്ളത് ? ഇവർക്കായുള്ള ആറ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്. സ്ഥിതി പരമദയനീയമാണ്. നോക്കാൻ ആളില്ലാത്ത സ്ഥിതിയാണ്. എംപ്ലോയ്മെന്റിൽ വലിയകാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ച് ഈ ആക്ട് വന്നതോടുകൂടി എല്ലാ സ്ഥാപനങ്ങളിലും അവർക്കുവേണ്ടി ഇയർമാർക്ക് ചെയ്തിട്ടുള്ള ജോലിയിൽ കാര്യമായ ശ്രദ്ധ ചെലുത്തേണ്ടത് ഈ സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങൾക്കുതന്നെ സത്യത്തിൽ വികലാംഗ സ്വഭാവമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ വളരെ താല്പര്യമെടുക്കുന്ന ആളാണ്. ഇവരുടെ കാര്യത്തിന് പ്രയോറിറ്റി കൊടുക്കുവാൻ ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്. മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെക്കാൾ ഈ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് കാര്യക്ഷമമാക്കണം. അതിലുള്ള പോരായ്മകൾ പരിശോധിച്ച് ഉടൻതന്നെ അവയ്ക്ക് പരിഹാരമുണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, വികലാംഗർക്കായുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കഴിഞ്ഞ പദ്ധതികാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിച്ചതാണ്. 80 ശതമാനം ചെലവ് കേന്ദ്ര ഗവൺമെന്റും 20 ശതമാനം ചെലവ് സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നത്. ഈ പുതിയ പദ്ധതിയിൽ കേന്ദ്രം സാമ്പത്തിക സഹായം നിർത്തിവച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ഇത് മുഴുവനായി ഏറ്റെടുക്കുന്നതിന്റെ പ്രൊസീഡുവറൽ പ്രോബ്ളംസാണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഒരു പ്രത്യേക സെല്ലായി നിലനിർത്തുന്നതിന് ആവശ്യമായ സാമ്പത്തിക ക്രമീകരണങ്ങൾ ഫൈനാൻസ് വകുപ്പിൽനിന്നും ഉണ്ടാക്കേണ്ടതുണ്ട്. അതിനുള്ള പേപ്പർ വർക്ക് നടക്കുകയാണ്. അത് നിലനിർത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അടച്ചുപൂട്ടലിന്റെ പ്രശ്നമില്ല. ഡിപ്ലോയ്മെന്റുവഴിയാണ് നിലനിർത്തിയിട്ടുള്ളത്. ഡിപ്പാർട്ടുമെന്റിലുള്ള സ്റ്റാഫിനെയൊക്കെ ഉപയോഗിച്ചാണ് പ്രത്യേകം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിച്ചത്. ചില പ്രത്യേക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. അവ നിലനിർത്താൻ കഴിയുമോയെന്നത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. എന്തായാലും വികലാംഗർക്കുള്ള പ്രത്യേക സൗകര്യങ്ങൾ നിലനിർത്തുകതന്നെ ചെയ്യും. അതിനുള്ള നടപടികൾ നടന്നുവരുകയാണ് ; ഏതാനും ദിവസങ്ങൾക്കകം അവ പൂർത്തിയാകും.

(3) ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകളിൽനിന്ന് പണാപഹരണം നടത്തുന്നതിനെക്കുറിച്ച് അന്വേഷണം

ശ്രീ. പി. ജയരാജൻ : സർ, വ്യാജ ഡ്രാഫ്റ്റുകൾവഴി മെയിൽ ട്രാൻസ്ഫർ നടത്തി ജില്ലാ സഹകരണ ബാങ്കുകളുടെ കീഴിലുള്ള ശാഖകളിൽനിന്ന് പണാപഹരണം നടത്തുന്ന ഗൂഡസംഘത്തെക്കുറിച്ച് ഊർജ്ജിത അന്വേഷണം നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. കോട്ടയം ജില്ലാ സഹകരണ ബാങ്കിൽനിന്ന് 10,00,000 രൂപയാണ് വ്യാജ ട്രാൻസ്ഫറിലൂടെ തട്ടിയെടുത്തത്. കഴിഞ്ഞവർഷം ട്രാൻസ്ഫർ തട്ടിപ്പിലൂടെ മൂവാറ്റുപുഴ അർബൻ ബാങ്കിൽനിന്ന് 5,33,000 രൂപയാണ് തട്ടിയെടുത്തത്. കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ മെയിൻ ബ്രാഞ്ചിൽനിന്ന് തൃശ്ശൂർ സ്വദേശി ഇസ്മയിൽ എന്ന വ്യാജ പേരിലും പാലാ ബ്രാഞ്ചിൽനിന്ന് മറ്റൊരു പേരിലും അക്കൗണ്ട് ആരംഭിച്ചാണ് ഈ തട്ടിപ്പ് നടത്തിയിരിക്കുന്നത്. പാലാ ബ്രാഞ്ചിൽനിന്ന് 2,60,000 രൂപ തട്ടിയെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ രാമനാട്ടുകര ശാഖയിൽനിന്നുള്ള മെയിൽ ട്രാൻസ്ഫറാണ് കൃത്രിമമായി അയാൾ ഉണ്ടാക്കിയത്. ഇങ്ങനെ വ്യാജ ഡി.ഡി. തയ്യാറാക്കിക്കൊണ്ട് തട്ടിപ്പ് നടത്തിയതിന്റെ ഫലമായി സഹകരണ ബാങ്കിലെ പണമിടപാടുപോലും ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളെ മുഴുവനും പിടിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.